




# ജി. വി. എച്ച്. എസ്സ്. എസ്സ്. കിണാശ്ശേരി
# കോഴിക്കോട്

## അക്കാഡമിക് മാസ്റ്റർ പ്ലാൻ 2025-26

### സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| സ്കൂൾ കോഡ് | : | 17007 |
| സ്കൂളിന്റെ പേര് | : | ജി. വി. എച്ച്. എസ്സ്. എസ്സ്. കിണാശ്ശേരി |
| മേൽവിലാസം | : | കിണാശ്ശേരി, പൊക്കുന്ന് പി. ഒ. , കോഴിക്കോട് |
| പിൻ കോഡ് | : | 673007 |
| ഫോൺ നമ്പർ | : | 049522964138 |
| ഇ-മോയിൽ | : | gvhsskinassery@gmail.com |
| സബ് ജില്ല | : | കോഴിക്കോട് |
| വിദ്യാഭ്യാസ ജില്ല | : | കോഴിക്കോട് |
| റവന്യു ജില്ല | : | കോഴിക്കോട് |
| പഠന മാധ്യമം | : | മലയാളം, ഇംഗ്ലീഷ് |

# ആമുഖം

## ചരിത്രം

1920 കളിൽ വലിയവീട്ടിൽ കാരണവരായിരുന്ന ഇത്താൻ കുട്ടിയുടെ സ്വകാര്യസ്ഥലത്ത് ഓത്തുപള്ളി ആയി പ്രവർത്തനമാരംഭിച്ചു. പറമ്പിൽ കടവ് തട്ടറക്കൽ കുഞ്ഞാമൻ മൂന്നു മുറികളുള്ള ഓട് മേഞ്ഞ കെട്ടിടം സ്വന്തം ചെലവിൽ നിർമിച്ചു സ്കൂളിനു നൽകി. പിന്നീട് സ്കൂൾ മുനിസിപാലിറ്റി ഏറ്റെടുത്തപ്പോൾ മാങ്കാവ് മാപ്പിള മുനിസിപൽ സ്കൂൾ എന്നാക്കിമാറ്റി. ഇതിനിടെ സ്കൂൾ ആദ്യം  അപ്പർ പ്രൈമറി ആയും പിന്നീട് ഹൈസ്കൂൾ ആയും ഉയർത്തപ്പെട്ടു. ഇതിനു ശേഷം ഹൈസ്കൂൾ കിണാശ്ശേരി സ്കൂൾ എന്നറിയപ്പെട്ടു. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളായി ഉയർത്തപ്പെട്ടപ്പോൾ സ്കൂൾ അതിന്റെ ചരിത്രത്തിൽ ഒരു നാഴിക കല്ല് കൂടി പിന്നിട്ടു.

## പി.ടി.എ.

സ്കൂളിന്റെ ശൈശവ ഘട്ടം തൊട്ടു ഇത് വരേയ്ക്കും സ്കൂളിന്റെ സർവോന്മുഖമായ വളർച്ചക്ക് പി .ടി. എ. വഹിക്കുന്ന പങ്കു ശ്ലാഘനീയമാണ്.  അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും ഈ കൂടായ്മ എന്നും സ്കൂളിന്റെ വളർച്ചക്ക് ഒരു മുതൽകൂട്ടായിരുന്നു. കെട്ടിട നിർമാണത്തിലും മറ്റു അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും  പി .ടി. എ. വഹിച്ച പങ്ക് വളരെ വലുതാണ്. ഇതിനു പുറമേ സ്കൂളിന്റെ വികസനത്തിൽ പ്രദേശവാസികളുടെ പങ്കു പ്രത്യേക പരാമർശം  അർഹിക്കുന്നു. എം.പി.മാർ, എം.എൽ.എ. മാർ, നഗരസഭാ പ്രതിനിധികൾ തുടങ്ങിയ ജനപ്രതിനിധികളുടെയും മറ്റു നിരവധി സാമൂഹ്യപ്രവർത്തകരുടെയും സഹായ സഹകരണങ്ങൾ സ്കൂളിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ ഒരുപാട് സഹായിച്ചിട്ടുണ്ട്.

## പൂർവ്വ വിദ്യാർത്ഥി സംഘടന

സ്കൂളിന്റെ വികസനത്തിൽ പൂർവ്വ വിദ്യാർഥികൾ വഹിച്ച പങ്ക് പ്രത്യേകം എടുത്തു പറയത്തക്കതാണ്. സ്കൂളിന്റെ പഠന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പൂർവ്വ വിദ്യാർഥികൾ കെ. ഐ. എസ്. ഓ. എസ്. എ.(KISOSA) എന്ന പേരിൽ സംഘടിച്ച് സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്ക് എല്ലാവിധ സഹായ സഹകരണങ്ങളും വാഗ്ദാനം ചെയ്യുന്നു. പഠനത്തോടൊപ്പം കലാകായിക രംഗങ്ങളിലും സ്കൂളിനു ഉയർച്ച ഉറപ്പാക്കാൻ ഒന്നരലക്ഷം രൂപ ചിലവഴിച്ചു ഇൻഡോർ ഷട്ടിൽ കോർട്ടും വിദ്യാർഥികൾക്ക് ഇരുന്നു പഠിക്കാൻ പരിസരത്തെ വൃക്ഷങ്ങൾക്ക് ചുറ്റും സിമെന്റ് തറയും നിർമ്മിച്ചത് സംഘടനയുടെ 2011-12 വർഷത്തെ

സംഭാവനയാണ്. പഠനത്തിൽ മികച്ച വിജയ കൈവരിക്കുന്ന കുട്ടികൾക്ക് പാരിതോഷികങ്ങൾ ഇവർ വാഗ്ദാനം ചെയ്യുന്നു. സഹതാപാർഹമായ സാഹചര്യത്തിൽ നിന്ന് വരുന്ന വിദ്യാർഥികൾക്ക് സഹായമെത്തിക്കാൻ സന്നദ്ധരായി മുന്നോട്ടു വരാറുള്ള പൂർവ വിദ്യാർത്ഥികളെയും ഇവിടെ സ്മരിച്ചു കൊള്ളട്ടെ .

## <u>പൊതുലക്ഷ്യങ്ങൾ</u>

- പൊതുസമൂഹത്തിന്റെ അംഗീകാരവും വിശ്വാസ്യതയും നേടി പൊതു സമൂഹത്തിലെ എല്ലാ തരത്തിലും സാഹചര്യത്തിലും ഉള്ള കുട്ടികളെ ഉൾക്കൊള്ളാൻ കഴിയും വിധം മികവിന്റെ കേന്ദ്രമായി സ്കൂളിനെഉയർത്തുക
- കുട്ടികളെ അന്താരാഷ്ട്ര തലത്തിലുള്ള മത്സരങ്ങൾ നേരിടുന്നതിനുള്ള ആത്മവിശ്വാസവും കരുത്തും ആർജ്ജിക്കുന്നതിന് സ്കൂൾ സംവിധാനം പുതുക്കിക്കൊണ്ടേയിരിക്കുക
- അറിവിനൊപ്പം മൂല്യബോധവും ഊട്ടിയുറപ്പിക്കുന്ന തരത്തിലുള്ള ക്ലാസ്സ്റൂം അനുഭവങ്ങൾ നൽകുക. പ്രതീക്ഷിത പഠനശേഷികൾ നേടിയെന്ന് ഉറപ്പുവരുത്തുന്നതിന് പരിബാരബോധനത്തിന് ഊന്നൽനൽകുക.
- കുട്ടികളുടെ വിഭിന്നങ്ങളായ ശേഷികൾ തിരിച്ചറിഞ്ഞ് കലാകായിക രംഗത്തെ സാധ്യതകൾ പ്രയോജനപ്പെടുത്തും തരത്തിൽ അവരിലെ സർഗ്ഗാത്മകത വളർത്തുക

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

പ്രവർത്തനം 1

ഭാഷയും സാഹിത്യവും അനുസ്മരിപ്പിക്കുന്ന ദിനാചരണങ്ങൾ/
വിവരശേഖരണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്തുകാർ/ പ്രസ്ഥാന പരിചയം | വിവര ശേഖരണം പ്രദർശനം എല്ലാവരിലുമെ - ത്തിക്കൽ | ആഴ്ചയിൽ രണ്ട് മൂന്ന് | വിദ്യാരംഗം കലാ - സാഹിത്യ വേദി | ഭാഷാദ്ധ്യാപകർ |

പ്രവർത്തനം 2

ഗ്രന്ഥശാലാ നവീകരണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ദേശീയവും അന്തർദേശീയവും ലോകോത്തരവുമായ കൃതികൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ജന്മദിനത്തിൽ ഒരു പുസ്തകം ലൈബ്രറിക്ക് വർഗ്ഗീകരിച്ച് പുനഃക്രമീകരിക്കൽ പുസ്തക വിതരണം | ആഴ്ച്ചയിൽ | ലൈബ്രേറിയൻ സ്കൂൾ കുട്ടി ഗ്രന്ഥശാലാ സംഘം | വേണമെങ്കിൽ മാത്രം |

**പ്രവർത്തനം 3**

**ഭാഷാകൈത്താങ്ങ്-അക്ഷരം ഉറപ്പിക്കൽ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എഴുത്തും വായനയും എളുപ്പമാക്കൽ | അക്ഷരം ഉറപ്പിക്കുവാനും എഴുത്തും വായനയും തെളിച്ചമുള്ളതാകുവാനും | എല്ലാ ദിവസവും | ഭാഷാദ്ധ്യാപകർ സന്നദ്ധരായവർ കുട്ടികൾ | വേണമെങ്കിൽ മാത്രം |

**പ്രവർത്തനം 4**

**സർഗ്ഗാത്മക രചനകൾ - പ്രകാശനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മലയാള ഭാഷാ പ്രാവിണ്യം നേടൽ | കുട്ടികളുടെ സർഗ്ഗ വൈഭവം കണ്ടെത്തൽ | ദിവസവും ആഴ്ചയിലും | വിദ്യാരംഗം കലാ-സാഹിത്യവേദി | ഭാഷാദ്ധ്യാപകർ |

**പ്രവർത്തനം - 5**

**രചകളുടേയും കലാ-പ്രവർത്തനങ്ങളുടേയും**
**വെളിച്ചത്തിൽ രചനാ ശിൽപ്പ ശാലകൾ**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ പ്രകടന ശേഷി കുറ്റമറ്റതാക്കൽ | ശിൽപ്പ ശാലകളിൽ രൂപപ്പെടുന്ന സൃഷ്ടികൾ വായിക്കാനും പഠന പ്രവർത്തങ്ങളുമായി ബന്ധപ്പെടുത്തുവാനും | ആഴ്ച്ചയിൽ | വിദ്യാരംഗം കലാ-സാഹിത്യവേദി | ഭാഷാദ്ധ്യാപകർ |

| | | | | |
|---|---|---|---|---|
| വിവിധ കലാ പരിപാടികൾ അവതരിപ്പിക്കുവാനും ആസ്വദിക്കാനുമുള്ള സാഹചര്യം ഒരുക്കൽ | കഴിയുന്ന വിധത്തിൽ<br>അഭിനയം അവതരണം തുടങ്ങിയ വസ്തു പ്രാധാന്യം | വർഷത്തിൽ | വിദ്യാരംഗം കലാ-സാഹിത്യവേദി | ഭാഷാദ്ധ്യാപകൻ |

പ്രവർത്തനം 6

വായന വീട്ടിലേക്ക് -പുസ്തക സഞ്ചിയുമായി

കുട്ടികൾ സമീപ വാസികളിലേക്കും.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | ലൈബ്രറി പുസ്തകങ്ങൾ താല്പര്യമുള്ള രക്ഷിതാക്കളിലേക്കും സമീപവാസികളിലേക്കും എത്തിക്കുക | ഒരു വർഷത്തിൽ ഒരു തവണയെങ്കിലും | ലൈബ്രേറിയൻ കുട്ടി ഗ്രന്ഥശാലാ സംഘം | വേണമെങ്കിൽ മാത്രം |

പ്രവർത്തനം 7

50 കവികൾ 50 കവിതകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കവികളേയും കൃതികളേയും പരിടയപ്പടൽ ജിവചരിത്രക്കുറിപ്പ് അഭിമുഖം ഇത്യാദി ശേഖരിക്കൽ | കാവ്യ സദസ്സ് കണ്ടും അനുഭവിച്ചും വിവരശേഖരണം ജിവചരിത്രക്കുറിപ്പ്,അഭിമുഖം ഇത്യാദി | ഒരു വർഷം | ഭാഷാദ്ധ്യാപകർ | പി ടി എ സന്നദ്ധർ |

പ്രവർത്തനം 8

പാഠ ഭാഗങ്ങളുടെ പാഠാസൂത്രണം തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കൃത്യമായ ഭാഷാശേഷിയിലേക്ക് കുട്ടിയെ കൈപിടിച്ചുയർത്തുന്നതിന് | അദ്ധ്യാപന സഹായി / ഐസിടി / സമഗ്ര അധിഷ്ഠിത ടി എം ആസൂത്രണം | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാദ്ധ്യാപകർ | ആവശ്യമെങ്കിൽ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - സംസ്കൃതം 2025 - 26

**ജി.വി.എച്ച്.എസ്.എസ് , കിണാശ്ശേരി**

| ക്രമ: നം | ലക്ഷ്യം | പ്രവർത്തനം | കാലം | നിർവ്വഹണം | സാമ്പത്തികം |
|---|---|---|---|---|---|
| 01 | പ്രകൃതി ചിത്രണം | പ്രകൃതിയെ വരയ്ക്കൽ, പോസ്റ്റർ രചന | ജൂൺ - 5 | സംസ്കൃത സമിതി | വിദ്യാലയ വികസനസമിതി |
| 02 | സംഘാടനം | സംസ്കൃത ക്ലബ് രൂപീകരണം | ജൂൺ - 7 | സംസ്കൃത സമിതി | വിദ്യാലയ വികസനസമിതി |
| 03 | എല്ലാ കുട്ടികൾക്കും ഭാഷ നല്ല രീതിയിൽ വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ | പ്രി-ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു. പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ | സംസ്കൃത സമിതി | വിദ്യാലയ വികസനസമിതി |
| 04 | അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പാക്കുക | പതിപ്പുകൾ, മാഗസിനുകൾ, ചെറിയ ക്ലാസുകളിലെ സംസ്കൃതം പുസ്തകങ്ങൾ, ബാല കഥകൾ, കവിതകൾ, ജീവചരിത്ര ഗ്രന്ഥങ്ങൾ എന്നിവയിലൂടെ പരിശീലനം | | സംസ്കൃത സമിതി | വിദ്യാലയ വികസനസമിതി |
| 05 | സർഗാത്മ രചനകൾ വികസിപ്പിക്കാനുള്ള അവസരം | ദിനാചരണം , കഥ, കവിത, ഉപന്യാസ രചന, സമസ്യാ പൂരണം | | സംസ്കൃത സമിതി | വിദ്യാലയ വികസനസമിതി |
| 06 | സംസ്കൃതം വാചനം | വായനാ മത്സരം, പ്രശ്നോത്തരി | ജൂൺ 19 | സംസ്കൃത സമിതി | വിദ്യാലയ വികസനസമിതി |
| 07 | അഭിരുചി- സാഹിത്യത്തിൽ | പരിചായനം - പല ഭാഷകളിലുള്ള കൃതികളെ പരിചയപ്പെടുത്താൻ നിർദേശം. കഥ, കവിത, സംഭവങ്ങൾ, ജീവചരിത്രങ്ങൾ ഇവ ശേഖരിച്ചും സ്വന്തം രചന ഉപയോഗിച്ചും ഉള്ള പതിപ്പ് നിർമാണം | ആഗസ്റ്റ് മുതൽ സെപ്റ്റംബർ വരെ | സംസ്കൃത സമിതി | വിദ്യാലയ വികസനസമിതി |

| | | | | | |
|---|---|---|---|---|---|
| 08 | ഭാഷാ ശേഷി വർധിപ്പിക്കാൻ ഡിജിറ്റൽ സാങ്കേതികത | വിക്ടേഴ്സ് ചാനൽ, സമഗ്ര പോർട്ടൽ, ഐ.ടി ഇതു വഴി വൈവിധ്യമാർന്ന കലാരൂപങ്ങളുടെ ചിത്രീകരണം | ആഗസ്റ്റ് മുതൽ ഫെബ്രുവരി വരെ | സംസ്കൃത സമിതി | വിദ്യാലയ വികസനസമിതി |
| 09 | സഭാ കമ്പം ഇല്ലാതാക്കുക, ആസ്വാദനശേഷി വർദ്ധിപ്പിക്കുക | പാഠ ഭാഗവുമായി ബന്ധപ്പെട്ട് സ്കിറ്റ് , നാടകം, കവിത, നൃത്തം അവതരിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | സംസ്കൃത സമിതി | വിദ്യാലയ വികസനസമിതി |
| 10 | സംസ്കൃത ദിന ബോധം | സംസ്കൃത അസംബ്ലി, ദിന പ്രതിജ്ഞ, വിവിധ കലാപരിപാടികൾ | ആഗസ്റ്റ് | സംസ്കൃത സമിതി | വിദ്യാലയ വികസനസമിതി |
| 11 | സംസ്കൃതോത്സവം | സ്കൂൾതല മത്സരം, ഉയർന്ന തലങ്ങളിലേക്ക് ഉള്ള പരിശീലനം, കലോത്സവ സേവന പ്രവർത്തനങ്ങൾ | ഒക്ടോബർ | സംസ്കൃത സമിതി | വിദ്യാലയ വികസനസമിതി |
| 12 | സ്കോളർഷിപ്പ് പരീക്ഷ | ക്ലാസ് തല മത്സരം, പരിശീലനം | നവംബർ | സംസ്കൃത സമിതി | വിദ്യാലയ വികസനസമിതി |
| 13 | പരീക്ഷാ പരിശീലനം | മോഡൽ പരീക്ഷ, ചോദ്യപേപ്പറുകൾ കൂടുതൽ നൽകി പരിശീലനം | നവംബർ | സംസ്കൃത സമിതി | വിദ്യാലയ വികസനസമിതി |

# അറബിക്

**പ്രശ്നം:** സ്വതന്ത്ര വായനക്ക് പ്രയാസം നേരിടുന്നു.
**ലക്ഷ്യം:** അറബി ഭാഷ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളെയും പ്രസ്തുത ഭാഷയിൽ മികച്ച വായനക്കാരാക്കുക

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായിക്കാം വളരാം هيا نقرأ | നിലാവാര പഠനം | ജൂൺ 12- 25 | AT | 100/- |
| | വിശകലനം | ജൂൺ 30 | AT | |
| | വായന സാമഗ്രികൾ ശേഖരിക്കൽ ( കാർഡ്, പുസ്തകങ്ങൾ എന്നിവ ) | ജൂലൈ- 15 | PTA, AC | 750/- |
| | തുടർവായന | ജൂലൈ 15 – ജനുവരി 15 | AT, AC | |
| | ആശയവിവരണം | ആഴ്ചയിൽ | AC | |
| | വായന ഫെസ്റ്റ് | ജനുവരി 1- 10 | PTA, AC | 1500/- |

**പ്രശ്നം:** സ്വതന്ത്ര ആശയ വിനിമയത്തിന് പ്രയാസം നേരിടുന്നു.
**ലക്ഷ്യം:** ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കൽ.

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബിയിൽ സംസാരിക്കാം<br>هيا نتكلم في العربية | മെറ്റീരിയൽ ശേഖരിക്കുക | ജൂലൈ 1- 30 | PTA, AC | 500/- |
| | കേൾക്കാം പറയാം | ആഗസ്റ്റ് 5- ഡിസംബർ 30 | AC | |

**പ്രശ്നം:** അറബി ഭാഷ നിഘണ്ടു ഉപയോഗിക്കാൻ പ്രയാസം നേരിടുന്നു.
**ലക്ഷ്യം:** അറബി ഭാഷ പഠിക്കുന്ന വിദ്യാർത്ഥികളെ അറബിക് ഭാഷ നിഘണ്ടു ഉപയോഗിക്കാൻ പ്രപ്തരാക്കുന്നു.

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബിക് നിഘണ്ടു പരിചയപ്പെടാം<br><br>هيا نفهم معجم العربية | നിഘണ്ടു പരിചയപ്പെടൽ | ജൂൺ - ആഗസ്ത് | AT | |
| | ക്രിയകൾ മനസ്സിലാക്കൽ | ജൂൺ - ആഗസ്ത് | AT | |
| | എന്റെ നിഘണ്ടു | ജൂലൈ- ജനുവരി | AC | 200/- |

**പ്രശ്നം:** പദസമ്പത്തിന്റെ കുറവ്
**ലക്ഷ്യം:** പദസമ്പത്ത് വർദ്ധിപ്പിക്കൽ, അറബിക് ഭാഷയെ കൂടുതൽ അറിയൽ

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പദങ്ങളെ പരിചയപ്പെടാം | പദച്ചങ്ങല നിർമ്മാണം | ജൂലൈ- ജനുവരി | AC | 100/- |

| | | | | |
|---|---|---|---|---|
| هيا نفهم ألفاظ العربية | പദപയറ്റ് | ജൂലൈ | AC | 200/- |
| | പദകേളി | ജൂലൈ-ആഗസ്ത് | AC | 200/- |
| അറബിക് ക്ലബ്ബ് نادي اللغة العربية | ക്ലബ്ബ് രൂപീകരണം | ജൂൺ 28 | AC | |
| | ക്ലബ്ബ് പ്രവർത്തന കലണ്ടർ | ജൂലൈ | AC, CLUB Members | |
| | **“അന്നശീത്വ്"** അറബിക് സ്കോളർഷിപ്പ് പരീക്ഷ | ആഗസ്ത്-സെപ്തംപർ | AC | 1000/- |

| | | | | |
|---|---|---|---|---|
| | **അറബിക് ഡേ** ദിനാചരണ കാമ്പയ്ൻ | സെപ്തംപർ-ഡിസംബർ | P TA, AC, CLUB | 1500/- |
| | മാഗസിൻ പ്രകാശനം | നവംബർ | AC, CLUB | 500/- |
| | ദിനാചരണങ്ങൾ | ജൂൺ-ജനുവരി | AC, CLUB | |

***AC: Academic Council***
***AT: Academic Teacher***

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ആശയ ധാരണ കൈവരിക്കൽ | **ഒപ്പത്തിനൊപ്പം,** പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2) നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേർസ് ഗ്രാന്റ് |
| 3) ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |

# മേഖല – ഹൈസ്കൂൾ – ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 4) ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ. | ശില്പശാല നടത്തുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| 5) സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ, സംഘ തലവൻ | |
| 6) അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| 7) ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം: കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചകളിലും, മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, മാനേജ്മെന്റ് |
| 8) ഗണിത മത്സരവേദിയിലേക്ക്: മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ. മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ. | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 9) ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ. | മെയ് / ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| 10) രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | എല്ലാ അധ്യാപകരും | അധ്യാപകർ, HM, പി.ടി.എ. പ്രസിഡണ്ട് | |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br>**വയൽ കിളികൾ:** സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

# മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 2) സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 3) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ, പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| 3) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ:** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# ഉർദു

## ആമുഖം

ദേശീയോൽഗ്രഥനത്തിന്റെയും സാംസ്കാരിക സമന്വയത്തിന്റെയും മാനവ സാഹോദര്യത്തിന്റെയും മുദ്രാവാക്യം ഉയർത്തിപ്പിടിക്കുന്ന ഭാഷയാണ് ഉർദു .ഇന്ത്യയിൽ പിറവി കൊണ്ട് ലോകമാകെ പടർന്ന ഉർദു ഖവ്വാലിയുടേയും ഗസലിന്റെയും ഹിന്ദുസ്ഥാനി സംഗീതത്തിന്റെയും ഈരടികളാൽ സമ്പന്നവും ഏറെ സ്വീകാര്യവുമായ ഭാഷയായി മാറി.**കിണാശ്ശേരി ജി വി എച് എസ്സിൽ** 2025- 26 അധ്യയന വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പഠന പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും താഴെ നൽകുന്നു .

**ലക്ഷ്യങ്ങൾ :**

- ഉറുദു ഭാഷപഠനവുമായി ബന്ധപ്പെട്ട കരിക്കുലം വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടിയെടുക്കുക
- ഉറുദു ഭാഷയെ കുറിച്ച അവബോധം ഉണ്ടാക്കുക .
- കുട്ടികളുടെ കലാപരമായ ,സർഗാത്മകമായ ശേഷികൾ എന്നിവ മെച്ചപ്പെടുത്തുക.

➔ വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക .

| sl.no | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | മോണിറ്ററിംഗ് |
|---|---|---|---|---|---|
| 1 | ലഫ്സ് സെ ജുമല തക് لفظ سے جملہ تک | ഒരു ദിനം ഒരു പദം പരിചയപ്പെടുത്തി പദത്തിൽ നിന്നും വാക്യത്തിലേക്ക എഴുതാനും വായിക്കാനുമുള്ള കഴിവ് മെച്ചപ്പെടുത്തുന്നു | 6 മാസം | ഉറുദു ക്ലബ് /സബ്ജക്ട് കൗൺസിൽ | HM/സബ്ജക്ട് കൗൺസിൽ |
| 2 | ഏക് ദിൻ ഏക് ഇൽമ് : ایک دن ایک علم[വായന ] | വായന മത്സരങ്ങൾ ,ക്വിസ് മത്സരങ്ങൾ ,ഉറുദു കഥ ,കവിതകൾ തുടങ്ങിയവ ലഭ്യമാക്കൽ | ദിനാചരണങ്ങളിൽ | " " | " " |
| 3 | ഗുൽഷൻ :گلشن [ കയ്യെഴുത് മാഗസിൻ ] | രചന ശേഷി ,സർഗ്ഗാത്മകത എന്നിവയെ പരിപോഷിപ്പിക്കുക .മികച്ചതും ഭംഗിയുള്ളതുമായ കൈയെഴുത്ത് | 6 മാസം | " " | " " |
| 4 | തഹ്‌രീർ :تحریر ഉറുദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉറുദു ടൈപ്പിങ്ങിൽ പരിശീലനം നൽകൽ ,പ്രിൻ്റഡ് പതിപ്പുകൾ തയ്യാറാക്കൽ | ജൂൺ -ഫെബ്രുവരി | " " | " " |
| 5 | മെഹ്ഫിൽ :محفل ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ | ഓഡിയോ ,വീഡിയോ നാടകം,സംഭാഷണം മറ്റു ക്ലാസ്സ്‌റൂം പ്രവർത്തനങ്ങൾ എന്നിവ വഴി കേൾക്കാനുള്ള അവസരങ്ങൾ ഉണ്ടാക്കുന്നു. ഉപചാരവാക്കുകൾ പരിശീലിപ്പിക്കുന്നു | ഡിസംബർ - ഫെബ്രുവരി | " " | " " |

| | | | | | |
|---|---|---|---|---|---|
| | | ആശയവിനിമയത്തിനുള്ള സന്ദർഭങ്ങൾ നൽകി പരിശീലിപ്പിക്കുന്നു.<br>ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു ഉറുദു സാഹിത്യകാരന്മാരുടെ പ്രൊഫൈൽ,കഥ,കവിത ഇവ വായിക്കാനുള്ള വേദി ഒരുക്കുന്നു.<br>കുട്ടികളിലെ നൈസർഗിക കഴിവുകൾ പരിപോഷിപ്പിക്കുന്നതിനോടൊപ്പം ഭാഷ പരമായ കഴിവുകൾ മെച്ചപ്പെടുത്തുക | | | |
| **6** | ദിൽകഷ് : دلکش<br>ഭംഗിയുള്ള കൈ എഴുത്തു | മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്തു എന്ന ലക്ഷ്യ പൂർത്തീകരണത്തിന് വേണ്ടി പ്രത്യേക പരിശീലനം | വർഷം | “ “ | “ “ |

# ENGLISH

| SL NO | OBJECTIVES | ACTIVITIES | DURATION |
|---|---|---|---|
| 1 | To enhance the student's proficiency in English language skills including reading, writing speaking and listening | Reading Competition<br>Writing workshop<br><br>hand Writing Competition<br><br>Essay Writing Competition<br><br>Composing Poems<br><br>Story Narration<br><br>Screening movies | One year |
| 2 | To enhance the students to practice English in a relaxed and supportive environment | English Club Activities:<br><br>1 Day celebrations<br>2 English Fest<br>3 Debate<br>4 Book Review<br>5 English Assembly<br>6 News Reading | One Year |
| 3 | Creative Expression | 1. Role Play<br>2. Story Telling Workshops<br>3. English Wall Magazine | One Year |

| | | | |
|---|---|---|---|
| | | 4. Poster Making<br>5. Textual Discources | |
| 4 | Enhance the talents of gifted students | 1. Literary Competitions | One Year |
| 5 | Enhance Slow learners in English | Easy English Workshop | Saturdays/ Sundays |
| 6. | Enhance Student's Grammer Skills | Language Games<br>Grammar Workshops | One Year |

# അക്കാഡമിക മാസ്റ്റർ പ്ലാൻ 2025 - 26

# ജീവശാസ്ത്രം

***gvhss kinassery***

| ലക്ഷ്യം | പ്രവർത്തനം | കാലം | ക്ലബ്ബ് |
|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ<br><br>2.ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ<br><br>3.പഠനയാത്രകളിലൂടെ പലവിധത്തിലുള്ള ആവാസവ്യവസ്ഥ | ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ അവതരിപ്പിക്കൽ<br><br>മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ<br><br>പലവിധത്തിലുള്ള ചീവികളേയും സസ്യങ്ങളേയും നേരിട്ടുകണ്ട് മനസ്സിലാക്ക | വർഷത്തിൽ ഒരു തവണ<br><br>വർഷത്തിൽ ഒരു തവണ<br><br>വർഷത്തിൽ ഒരു തവണ<br><br>മാസത്തിൽ ഒരു തവണ | സയൻസ് ക്ലബ്ബ് |

| | | | |
|---|---|---|---|
| മനസ്സിലാക്കൽ<br><br>4. ശാസ്ത്രലാബ് ഉപയോഗിക്കത്<br><br>5. മോഡൽ നിർമ്മാണം<br><br>6. ശലഭോദ്യാനം നിർമ്മിക്കൽ<br>7. ഔഷധോദ്യാനം വിപുലപ്പെടുത്തൽ | ൽ<br>ജീവശാസ്ത്രവുമ ◌ായി ബന്ധപ്പെട്ട ഉപകരണങ്ങളുമായി ഇടപെഴകാൻ അവസരമോരുക്കൽ<br>ജീവശാസ്ത്രവുമായിബന്ധപ്പെട്ട മോഡലുകൾ നിർമ്മിക്കുന്നു | രണ്ട് മാസത്തിൽ ഒരു തവണ<br><br>ഒരു വർഷം<br><br>6 മാസം | |

| അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26<br>ഫിസിക്കൽ സയൻസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| കുട്ടി ശാസ്ത്രജ്ഞൻ | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കാണിച്ചു കൊടുക്കുകയും മോഡലുകളും മറ്റും നിർമ്മിക്കുവാൻ പ്രാപ്തരാക്കുകയും ചെയ്യുന്നു. | 2025-26 | സയൻസ് അധ്യാപകർ | PTA |
| ശാസ്ത്ര മനോഭാവം, സമകാലിക പ്രശ്നങ്ങൾ മനസ്സിലാക്കി അതിനെ ശാസ്ത്രീയ മായി വിശകലനം ചെയ്ത് ഒരു പരിഹാരം കണ്ടെത്തുവാൻ പ്രേരിപ്പിക്കുന്നു. | കുട്ടികൾ ക്ലാസ്സ്മുറികളിൽ നിർമ്മിച്ച വസ്തുക്കൾ, അവരുടെ നൂതന ആശയങ്ങൾ പൊതുവേദികളിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | 2025-26 | സയൻസ് അധ്യാപകർ | PTA |
| ശാസ്ത്രാവബോധം വളർത്തുക | ക്ലാസുകളിൽ ഒരു വായനമൂല, ശാസ്ത്ര മാസിക പ്രസിദ്ധീകരിക്കുക | 2025-26 | സയൻസ് അധ്യാപകർ | PTA |
| ആയുർ രേഖ | കുട്ടിയുടെ ആരോഗ്യ രേഖ സൂക്ഷിക്കും | 2025-26 | സയൻസ് അധ്യാപകർ | PTA |
| അന്വേഷണതൃഷ്ണ വർദ്ധിപ്പിക്കൽ | പുത്തൻ സാങ്കേതികവിദ്യ പരിചയപെടുത്തുന്നു. സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ എന്നിവയിലും പ്രൊജക്റ്റിലും പങ്കെടുപ്പിക്കുന്ന | 2025-26 | സയൻസ് അധ്യാപകർ | PTA |